"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.കൃഷ്ണദാസ്.റ്റി.വി., കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) No.1116/2023-മ്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 10.07.2023-ലെ ഉത്തരവ് - അനുപാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2704/2023/H&FWD തീയതി,തിരുവനന്തപുരം, 17-10-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
2. ഡോ.കൃഷ്ണദാസ്.റ്റി.വി., കൺസൾട്ടന്റ് സമർപ്പിച്ച അപ്പീൽ (Annexure A8)
3. OA(EKM) No.1116/2023-മ്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 10.7.2023-ലെ ഉത്തരവ്.

**ഉത്തരവ്**

2023-ലെ പരാമർശം (1) പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് ഡോ.കൃഷ്ണദാസ്.റ്റി.വി., ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.1116/2023 ഫയൽ ചെയ്തിരുന്നു. മെഡിക്കൽ ഓഫീസറുടെ പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിച്ച്, അപേക്ഷകൻ ജോലി നോക്കി വന്നിരുന്ന തിരൂർ ജില്ലാ ആശുപത്രിയിൽ പകരം നിയമനം നടത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിൽ അപേക്ഷകനെ നിയമിക്കുന്ന വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു:ട്രൈബ്യൂണൽ പരാമർശം (3) ഉത്തരവ് പ്രകാരം ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ

0381716 GOVERNMENT OF KERALA

കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

2) <u>അപ്പീലിലെ അപേക്ഷ</u>

തിരൂർ ജില്ലാ ആശുപത്രിയിൽ 2013 മുതൽ ജോലി നോക്കി വരുന്നതിനാൽ മഞ്ചേരി ജനറൽ ആശുപത്രി, മലപ്പുറം താലൂക്ക് ആശുപത്രി, തൃശൂർ ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചു. എന്നാൽ പരാമർശം (1) ഉത്തരവ് പ്രകാരം അപേക്ഷയിൽ പറഞ്ഞിട്ടില്ലാത്ത സ്ഥാപനമായ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. സഹോദരൻ ഭിന്നശേഷിക്കാരനാണ്. നിലവിലെ സ്റ്റേഷനിലേയ്ക്ക് യാത്ര ബുദ്ധിമുട്ടാണ്. പകരം തിരൂർ ജില്ലാ ആശുപത്രിയിൽ ആരേയും നിയമിച്ചിട്ടില്ല. അപേക്ഷിച്ച സ്ഥാപനങ്ങളിൽ സ്ഥലംമാറ്റം സാധിച്ചില്ലെങ്കിൽ തിരൂർ ജില്ലാ ആശുപത്രിയിൽ നിലനിറുത്തണം.

3) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. അപേക്ഷകൻ പൊതുസ്ഥലം മാറ്റത്തിനായി ആവശ്യപ്പെട്ട ആദ്യത്തെ ആറ് സ്ഥാപനങ്ങളിലും നിയമനം നൽകിയിരിക്കുന്നത്/ജോലിചെയ്തു വരുന്നത് പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ടിയാളെക്കാൾ കൂടുതൽ അർഹതയുള്ളവരോ അല്ലെങ്കിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്ഥാപനത്തിൽ നിശ്ചിത കാലയളവ് പൂർത്തിയാക്കാത്തവരോ ആണ്. ആയതിനാലാണ് അപേക്ഷയിൽ ഏഴാമതായി തിരഞ്ഞെടുത്ത ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നത്. പ്രസ്തുത സ്ഥാപനത്തിലേയ്ക്കുള്ള സ്ഥലംമാറ്റം പുനഃപരിശോധിക്കണമെന്ന അപേക്ഷകന്റെ അപേക്ഷ പരിഗണിച്ച് പൊതുസ്ഥലംമാറ്റത്തിന് മുൻപ് അപേക്ഷകൻ ജോലി ചെയ്തിരുന്ന തിരൂർ ജില്ലാ ആശുപത്രിയിൽ ടിയാളുടെ തസ്തികയിൽ ആരെയും പകരം നിയമിച്ചിട്ടില്ലാത്തതിനാൽ, ഡോ.കൃഷ്ണദാസിനെ പ്രസ്തുത ആശുപത്രിയിലേയ്ക്ക് തിരികെ നിയമനം നൽകി ഉത്തരവാകുന്നു.

4)ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.1116/2023-മേലുള്ള 10.07.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEJITH V P**

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കോട്ടയം/മലപ്പുറം.
ഡോ.കൃഷ്ണദാസ്.റ്റി.വി., കൺസൽട്ടന്റ് (ജനറൽ മെഡിസിൻ), പ്രണവം,
പൂക്കൈയ്യിൽബസാർ, തിരൂർ, മലപ്പുറം - 676 107.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം,
തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 17-10-2023 15:14:52

മേലെഴുത്ത് നം. ഇ.എ1-5159/2023/ആ.വ.ഡ, തീയതി 18.10.2
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

(ആ.വ.ഡയ്ക്ക് വേണ്ടി)



GOVERNMENT OF KERALA